PARISH News
MONTHLY NEWS BULLETIN OF ST. MARY'S ORTHODOX CATHEDRAL, ERNAKULAM
VOL : 3 ● ISSUE : 11 NOVEMBER 2009

## എഡിറ്റോറിയൽ

### ക്രിസ്ത്യാനിയും ആധുനികതയും

ദൈവത്തോടു ചേർന്നു നടക്കുന്ന ഒരു വിശ്വാസിക്ക് ആധുനിക ലോകത്തിന്റെ പല പ്രവൃത്തികളോടും യോജിക്കാനാകയില്ല. ക്രിസ്ത്യാനികളായ നാം ക്രിസ്തു നടന്നതുപോലെ നടക്കണമെന്നാണ് ക്രിസ്തുമതം പഠിപ്പിക്കുന്നത് (യോഹ 1.26). നാം ആധുനികതയുടെ പേരിൽ വികലമായ ആദർശങ്ങളുടെ പിറകേ പോയാൽ ക്രിസ്തുവിനോടുകൂടെയുള്ള നടത്തം തെറ്റാനാണ് സാദ്ധ്യത. പരിശുദ്ധാത്മാവിനാൽ നിറയപ്പെട്ട വിശ്വാസികൾക്ക് പൊതുജനങ്ങളുടെ പ്രീതി നഷ്ടപ്പെട്ടാലും, മറ്റുള്ളവരാൽ തങ്ങൾ അവഹേളിക്കപ്പെട്ടാലും, അവർ ലോകത്തിന്റെ തെറ്റായ മാർഗ്ഗങ്ങളെ എതിർക്കുകതന്നെ ചെയ്യും. അതുകൊണ്ട് ഒരു യഥാർത്ഥ ക്രിസ്ത്യാനി എപ്പോഴും വ്യത്യസ്തനായിരിക്കും. അവൻ എപ്പോഴും സമൂഹത്തിൽ വേറിട്ടുനിൽക്കുന്ന വ്യക്തിത്വമുള്ളവനായിരിക്കുകയും ചെയ്യും. ഇതിന്റെ ഫലമായി ദോഷൈകദൃക്കുകൾ അവനെ കാണുന്നത് 'താളം തെറ്റി' നടക്കുന്നവനായിട്ടായിരിക്കും (ഉല്പ 1.13).

ശാബത്ത് ആചാരം ദൈവം തന്നിട്ടുള്ള ഒരു വലിയ വരമായിരുന്നു. ആറുദിവസം അദ്ധ്വാനിച്ചിട്ട് ഏഴാം ദിവസം ദൈവത്തെ ആരാധിക്കാൻ മാറ്റിവയ്ക്കുകയെന്നത്. യഹൂദന്മാർ വെറുമൊരു അനുഷ്ഠാനമാക്കിയ ശാബത്തിനെ അതിന്റെ സദുദ്ദേശത്തിലേക്ക് യേശുക്രിസ്തു തിരിച്ചുകൊണ്ടുവന്നു. പക്ഷേ ഉയിർപ്പിന്റെ ആഘോഷമായ ഞായർ ദിനം, കാലം മാറിയതോടെ അപ്രത്യക്ഷമാകയാണ്. ട്യൂഷൻ, കോച്ചിങ്, ഐ.ടി ജോലിയുടെ പ്രത്യേകത ഇവയൊന്നുമായി ഏറ്റുമുട്ടാതെ വിശ്രമത്തിന്റെയും, ആരാധനയുടെയും ദിവസമായ ഞായറാഴ്ച വളരെ ശ്രദ്ധയോടെ ഉപയോഗിക്കേണ്ടിയിരിക്കുന്നു.

കൂടുതൽ ചെറുപ്പക്കാർ ദൈവവിശ്വാസത്തിലേക്ക് അടുത്തുവരുന്നുണ്ടെങ്കിലും, പണപ്പെരുപ്പവും, നല്ലവരായ നേതാക്കളുടെ അഭാവവും കാരണം പലരും നന്മ മനസ്സിലാക്കാൻ സാഹചര്യമില്ലാതെ തിന്മയിലേക്ക് വഴുതിപ്പോകുന്നുണ്ട്. ഇതു ചെറുക്കണമെങ്കിൽ കഴിവുള്ളവരും വിശ്വാസികളുമായ കുറച്ചു സഭാമക്കൾ ഇങ്ങനെയുള്ളവരുടെ ഇടയിൽ പ്രവർത്തിക്കേണ്ടിയിരിക്കുന്നു. നല്ലതു ചെയ്യുകയും, നല്ലതു പഠിപ്പിക്കയും ചെയ്യുന്ന സഭാനേതാക്കളുള്ളിടത്ത് ദൈവസാന്നിദ്ധ്യമുണ്ടാകും. ഇന്നിന്റെ 'സ്വാർത്ഥത' നമ്മെ വികലമായ ജീവിതശൈലിയിലേക്കും, തന്മൂലം സാമൂഹിക ജീവിതത്തിന്റെ അപച്യുതിയിലേക്കും നയിക്കുന്നില്ലേ? ഞാൻമാത്രം സുഖമായി ജീവിച്ചാൽ മതി, എല്ലാ സൗകര്യങ്ങളും ഞാൻ മാത്രം അനുഭവിച്ചാൽ മതി എന്നുള്ള ചിന്ത മാറി, കൂടെയുള്ളവരും ഇതിനൊക്കെ അർഹരാണെന്നു ചിന്തിക്കുന്ന സമൂഹം വളർന്നുവരണം.

പണത്തിന്റെയും, ലൗകികതയുടെയും പുറകെ പോകുന്നവരെ തടയിടാൻ ഒരു ദൈവവിശ്വാസിക്കുമാത്രമേ കഴിയുകയുള്ളു. പക്ഷേ പലപ്പോഴും അതിനു കഴിവുള്ളവർ ചെയ്യുന്നത്, അവരുടെ പരമാധികാരത്തിനുവേണ്ടി ഇങ്ങനെയുള്ള സമൂഹത്തോടു ചേർന്നുപോകുന്ന പുതിയ സംഹിതകളോടുകൂടി സഭകൾ കെട്ടിപ്പടുക്കുകയാണ്. ആ സഭകൾ അവരുടെ പേരിലായിരിക്കും അറിയപ്പെടുക. ദൈവനാമത്തിലായിരിക്കയില്ല. യഥാർത്ഥ വിശ്വാസിക്ക് ആധുനികതയുടെ ദോഷവശങ്ങളിലേക്കു കടക്കാതെ തന്നെ ദൈവവിശ്വാസം കാത്തു സൂക്ഷിക്കാൻ കഴിയണം. ■

## വളരുകയോ വളർത്തുകയോ?

(ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പോലീത്ത)



ഏലി എന്ന പുരോഹിതൻ സൗമ്യനും സാത്വികനുമായിരുന്നു. സ്ഥൂലിച്ച ശരീരമുള്ളവനായിരുന്നതിനാൽ 'mobility' കുറവുമായിരുന്നു. ദുർമ്മേദസ്, ശരീരത്തിനോ ആത്മാവിനോ ഉണ്ടായാൽ പിന്നെ വേണ്ടത്ര ചലനശേഷി ഉണ്ടാവുക അസാദ്ധ്യമായിരിക്കും. ചുറ്റുപാടും നടക്കുന്ന കാര്യങ്ങൾ വേണ്ടപോലെ അറിയാൻ അത്തരക്കാർക്ക് ദുഷ്ക്കരമായിരിക്കും. ഇത്തരത്തിൽ സൗമ്യനും, സാധുശീലനുമായ ഒരു പുരോഹിതന്റെ ദുർഗ്ഗതിയും പരിതാപകരമായ ജീവിതാവസ്സാനവും ഏറെ ചിന്തനീയമാണ്.

പുരോഹിത പുത്രന്മാർ ശരിയാവില്ല എന്നൊരു പഴമൊഴി നമ്മുടെ നാട്ടിൽ നടപ്പുണ്ട്. അതങ്ങോട്ട് പൂർണ്ണമായും ശരിയല്ലതാനും. മക്കളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയും ശുഷ്കാന്തിയും കാട്ടാൻ പുരോഹിതന്മാർക്കു സമയമുണ്ടാവില്ലെന്നും, പ്രസംഗിക്കുന്ന വാക്കും, ജീവിക്കുന്ന പ്രായോഗികതയും തമ്മിൽ അന്തരമുണ്ടായേക്കാമെന്നുള്ള ആശങ്കകളാണ് ഈ പഴമൊഴിക്കു പിന്നിലെന്നും തോന്നുന്നു. ഏലിയുടെ മക്കൾ എന്തായാലും അപ്പന്റെ ശാന്തശീലം അനുകരിക്കുന്നവരായിരുന്നില്ലെന്നു മാത്രമല്ല, അവർ താന്തോന്നികളും അസന്മാർഗ്ഗികളുമായിരുന്നു. അവരുടെ ദുഷ്ടത യഹോവയ്ക്കുള്ള ബലിവസ്തുക്കളെ നിന്ദിക്കുന്നിടം വരെ എത്തിയിരുന്നു. അവരുടെ അധർമ്മം ഉയർന്നുപൊങ്ങി സ്വർഗ്ഗത്തിന്റെ പടിവാതിൽ വരെ എത്തി എന്നു സാരം. പാവം ഏലി. അദ്ദേഹം മക്കളെ 'mild' ആയി ഒന്നുപദേശിച്ചു. അത്രതന്നെ. പോത്തിനോടു വേദമോതിയിട്ട് എന്തു കാര്യം? മക്കൾ അവരുടെ രീതികൾ അങ്ങനെ തുടർന്നു.

ഏലി എന്തുചെയ്യണമായിരുന്നു. യഹോവ കൃത്യമായ ഉത്തരം നൽകുന്നുണ്ട്. അദ്ദേഹം ദുർമ്മാർഗ്ഗികളായ പുത്രന്മാരെ ശാസിച്ചമർത്തിയില്ല. അത്രതന്നെ. ദുരന്തമുണ്ടായത് ഏലി ഉൾപ്പെടെ കുടുംബത്തിനു മുഴുവനായിരുന്നു. മക്കൾ പിഴച്ചാൽ കുടുംബം കുളംതോണ്ടുമെന്നു സാരം.

നമ്മുടെ മക്കൾ എങ്ങനെയെങ്കിലും വളരുകയല്ല, അവർ വേണ്ട രീതിയിലും ശിക്ഷണത്തിലും വളർത്തപ്പെടണം. വളർത്തിയില്ലെങ്കിലും അവർ വളരും പക്ഷേ അതു വേണ്ടരീതിയിൽ സമൂഹവും, കുടുംബവും ആഗ്രഹിക്കുന്ന രീതിയിലാവില്ല എന്നു മാത്രം. ചോറും ചൊല്ലും കൊടുത്തു വളർത്തണമെന്ന ചൊല്ല് എത്ര അന്വർത്ഥമാണ്. വാക്കും നോക്കും പ്രാർത്ഥനയും ഭക്ഷണവും മാതൃകയുമെല്ലാം അവർക്കു കൊടുക്കണം. കുടുംബമാണല്ലോ ആദ്യത്തെ Sunday School-ഉം നഴ്സറിയുമെല്ലാം. അവർക്ക് വളരാൻ അനുയോജ്യമായ ആന്തരിക - സാംസ്കാരിക അന്തരീക്ഷം വീട്ടിലില്ലെങ്കിൽ ഏലിയുടെ കുടുംബത്തിനു സംഭവിച്ചതുപോലെയാകും.

നമ്മുടെ കുഞ്ഞുങ്ങൾ വളർത്തപ്പെടുന്നോ അതോ എങ്ങനെയോ വളരുന്നോ? ■

## മുന്നേറുന്ന സാമ്പത്തിക വ്യവസ്ഥിതിയിൽ പിന്നിലാവുന്ന ക്രൈസ്തവ ലോകം

**തോമസ് പോൾ, കല്ലത്ത് - ദീപം**

ഭാരതത്തിന്റെ സമ്പദ്‌വ്യവസ്ഥ അഭൂതപൂർവ്വമായ വളർച്ചയിലൂടെ ലോകത്തിൽ ഏറ്റവും വേഗത്തിൽ വളരുന്ന രണ്ടാമത്തെ രാജ്യം എന്ന ബഹുമതി നേടി. ചൈന ഒന്നാം സ്ഥാനത്തു കുതിച്ചു കൊണ്ടിരിക്കുന്നു. 2015 ആകുമ്പോഴേക്കും ഭാരതം ലോകത്തിലെ പത്ത് Super Economic Power ൽ ഒന്നാകും. 30 വർഷത്തിനിടെ ആദ്യമായി രാജ്യത്ത് നാണ്യശോഷണം രേഖപ്പെടുത്തി. ഇത് സാങ്കേതികം മാത്രമാണ് എന്ന വിശദീകരണമാണ് Reserve Bank നൽകുന്നത്. കാലപ്രവാഹത്തിനനുസൃതമായി പരിവർത്തനത്തിന്റെയും, പുരോഗതിയുടെയും പാതയിലൂടെ നാം മുന്നേറുകയാണ്. കൊഴിഞ്ഞുവീഴുന്ന ഓരോ ദിവസവും കൂടുതൽ മേന്മയുള്ള പുതിയ ദിനങ്ങൾക്ക് വഴിയൊരുക്കുന്നു. എല്ലാ രംഗത്തും മാറ്റങ്ങളും, പുരോഗതിയും

ശേഷം 2-ാം പേജിൽ

(1-ാം പേജിൽ നിന്നും തുടർച്ച....)

ലോകത്തെ മുന്നോട്ടു നയിക്കുന്നു. സാമൂഹ്യ, സാമ്പത്തിക, ശാസ്ത്രരംഗങ്ങൾ അനുദിനം മാറിമറിഞ്ഞുകൊണ്ടിരിക്കുന്നു. യന്ത്രയുഗത്തിൽ നിന്നും ഇലക്ട്രോണിക് യുഗത്തിലേക്കും, രാസയുഗത്തിൽ നിന്നും ആണവയുഗത്തിലേക്കും രാഷ്ട്രങ്ങൾ കുതിച്ചു പായുന്നു. അനുദിന സമ്പദ്വ്യവസ്ഥയുടെ പുരോഗതി കാലത്തിന്റെ ആദ്യഘട്ടങ്ങളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ കാണാൻ സാധിക്കും. 1955 ൽ നാലണയ്ക്ക് ഒരു മസാലദോശ കിട്ടിയിരുന്ന സ്ഥാനത്ത് ഇന്ന് ഒരു മസാലദോശയ്ക്ക് 35 രൂപ വില കൊടുക്കണം.

2020 ആകുമ്പോഴേക്കും മസാലദോശ, ഹമാം സോപ്പ്, പെട്രോൾ, ഗ്യാസ് സിലിണ്ടർ, ബ്രാന്റഡ് ഷർട്ട് എന്നിവയ്ക്ക് ഇന്ന് 35, 20, 47, 350, 1250 രൂപ എന്നത് 2020 ആകുമ്പോഴേക്കും യഥാക്രമം 95, 80, 350, 2100, 9000 രൂപ എന്ന അവസ്ഥയിലെത്തും. അതുപോലെ മറ്റ് നിത്യോപയോഗ സാധന വിലയിലും ഗണ്യമായ മാറ്റം ഉണ്ടാകുന്നത് നമുക്ക് കാണാം. ഈ മാറ്റങ്ങൾ എല്ലാം സ്വീകരിക്കാൻ മനുഷ്യൻ നിർബന്ധിതനാകുന്നു. നിലനിൽപ്പിനുവേണ്ടി അത് അത്യന്താപേക്ഷിതവുമാണ്. ഇവയെല്ലാം സ്വായത്തമാക്കുന്ന മനുഷ്യൻ പക്ഷേ ഒരു കാര്യത്തിൽ മാത്രം വ്യതിയാനങ്ങൾക്ക് വിധേയനാകുന്നില്ല. അത് ആത്മീയതലത്തിലാണെന്ന് നമുക്ക് മനസ്സിലാകും. 1950 കാലഘട്ടത്തിൽ നമ്മൾ ദേവാലയങ്ങളിൽ കാണിക്കയർപ്പിക്കുന്നത് നാലണയായിരുന്നു. കാലഘട്ടത്തിന്റെ വ്യതിയാനങ്ങൾക്കനുസരിച്ച് അത്, ഇപ്പോൾ അഞ്ച് രൂപ, പത്തുരൂപ, എന്ന നിലയിലേക്ക് മാറിയെങ്കിലും അതേ നിലയിൽ തുടരുകയാണ്. മാറ്റങ്ങളും, വളർച്ചയും മനുഷ്യനെ വ്യത്യസ്ഥനാക്കുമ്പോൾ മാറാതെ നിൽക്കുന്ന അഞ്ചുരൂപ, പത്തുരൂപ കാണിക്ക അൻപതിലേക്കും, നൂറിലേക്കും മാറുമ്പോൾ ആയതിന്റെ മൂല്യത്തിനും, ഉപയോഗത്തിനും, അർപ്പണത്തിനും പ്രസക്തിയേറും. നിസ്സാരമായ കളിപ്പാട്ടങ്ങൾക്കും, രോഗം വളർത്തുന്ന ഭക്ഷണപദാർത്ഥങ്ങൾക്കും എത്ര രൂപ വേണമെങ്കിലും ചെലവിടുന്നതിനും നാം മടികാണിക്കുന്നില്ല. മറിച്ച് ദേവാലയത്തിൽ കാണിക്കയർപ്പിക്കുന്നതിൽ നാം പിശുക്കു കാണിക്കുന്നു. വിവാഹത്തോട് അനുബന്ധിച്ച് ലക്ഷങ്ങൾ ചെലവിടുന്നവർ വിവാഹസംഭാവനയിനത്തിൽ പള്ളിയിൽ കൊടുക്കുമ്പോൾ സാമ്പത്തിക ഇല്ലായ്മ അവതരിപ്പിക്കുന്നു.

1947 കാലഘട്ടത്തിൽ ഞാൻ സെന്റ് മേരീസ് പള്ളിയിൽ ശുശ്രൂഷക്കാരനായിരുന്നു. (പള്ളിയിലെ ആദ്യത്തെ ശുശ്രൂഷക്കാരൻ) ഒരു ഞായറാഴ്ച കപ്യാരുടെ അഭാവത്തിൽ അന്നത്തെ വികാരി മുരിക്കലച്ചൻ ഒരു മാമോദീസാ നടത്തി. മാമോദീസാ കഴിഞ്ഞതും വീട്ടുകാർ സന്തോഷത്തോടെ നിർബന്ധമായി ഒരു രൂപ എന്നെ ഏൽപ്പിച്ചു. അത് അച്ചനെ ഏൽപ്പിച്ചപ്പോൾ നേർച്ചപ്പെട്ടിയിൽ ഇട്ടേക്കൂ എന്ന് അച്ചൻ പറഞ്ഞു. അന്നത്തെ ഒരു രൂപ ഇന്ന് ഏതു സ്ഥാനത്തു നിൽക്കുന്നു എന്ന് നമുക്ക് ഊഹിക്കാം.

പൊതു നിരത്തിൽ വാഹനം ഓടിക്കുന്നതിന് ടാക്സ് ഗവൺമെന്റിന് അടയ്ക്കണം. ശമ്പളത്തിന് ടാക്സ്, വെള്ളത്തിന് കരം, വീടിന് കരം, ഉപ്പിനും മുളകിനും വരെ നികുതി. എന്തിനും, ഏതിനും സർക്കാരിലേക്ക് ഫീസടയ്ക്കണം. മനുഷ്യനെ നിയന്ത്രിക്കുന്ന ഗവൺമെന്റ് പോലെയാണ് മതവും. മതത്തിന്റെ വളർച്ചയ്ക്കും, പുരോഗതിക്കും അതിലെ അംഗങ്ങൾ ടാക്സ് കൊടുക്കണം. ആത്മീയ അനുഗ്രഹങ്ങൾ ലഭിക്കുമ്പോൾ ദൈവത്തിന് കൊടുക്കുവാൻ നാം മറക്കുന്നു. കൈസർക്കുള്ളത് കൈസർക്കും, ദൈവത്തിനുള്ളത് ദൈവത്തിനും എന്ന പ്രമാണം ക്രൈസ്തവ സമൂഹം വിസ്മരിക്കുന്നു. ദൈവാലയത്തിന്റെ പുരോഗതിക്കും, ആത്മീയ വളർച്ചയ്ക്കും മനുഷ്യന്റെ സംഭാവനകൾ വിലപ്പെട്ടതാണ്. ദൈവസന്നിധിയിൽ വിലയേറിയ കാഴ്ചയായി കാണിക്ക അർപ്പിക്കുവാൻ നാം ബാദ്ധ്യസ്ഥരാണ്. ദൈവത്തിന് കൊടുക്കാൻ മനസ്സുണ്ടെങ്കിൽ അത് 30-ഉം, 60-ഉം, 100-ഉം മേനിയായി നമുക്കുതന്നെ മടക്കി ലഭിക്കും. മനുഷ്യന്റെ കയ്യിലുള്ളതൊന്നും ദൈവം അറിയാതെ ലഭിച്ചതല്ല. എല്ലാം ദൈവത്തിന്റെ ദാനം എന്നു കണ്ട് സന്തോഷത്തോടെ തങ്ങളുടെ കഴിവിനൊത്തവണ്ണം എല്ലാവരും കൊടുക്കണം. സന്തോഷത്തോടെ കൊടുക്കുന്നവനെ ദൈവം അനുഗ്രഹിക്കും. മാറ്റങ്ങൾ അനിവാര്യമാണ്. കാലത്തിനനുസരിച്ച് നാം മാറേണ്ടിയിരിക്കുന്നു. ആത്മീയ വളർച്ചയ്ക്കായി ദശാംശം നൽകുവാൻ നാം തയ്യാറാകണം. എങ്കിൽ മാത്രമേ രാഷ്ട്രത്തിന്റെയും, മതത്തിന്റെയും കുടുംബത്തിന്റെയും ഉയർച്ചയോടൊപ്പം ആത്മീയ വളർച്ച നേടുവാൻ നമുക്ക് സാധിക്കുകയുള്ളൂ. ദൈവത്തിന് കൊടുക്കുവാനുള്ള ഒരു മനസ്സ് രൂപപ്പെടുത്തി, അർപ്പിക്കുന്നതിന്റെ മൂല്യം മനസ്സിലാക്കി, ഇടവകയ്ക്കും, സഭയ്ക്കും, സമൂഹത്തിനും കൈത്താങ്ങായി നിൽക്കുവാൻ നമുക്ക് ഒരുമിച്ച് കൈകോർക്കാം. ■

## വിരമിക്കുന്നു

കഴിഞ്ഞ നാലു വർഷമായി ഇടവകയിൽ ശുശ്രൂഷകനായി സ്തുത്യർഹമായ സേവനം അനുഷ്ഠിക്കുന്ന ശ്രീ. ബിജു വർഗ്ഗീസ്, സേവനത്തിൽ നിന്നും വിരമിക്കുന്നു. വിദേശത്ത് യോഗ്യമായ ജോലി ലഭിച്ചതിനെത്തുർന്നാണിത്. ശുശ്രൂഷകൻ എന്ന നിലയിലും, ഇടവക ആഗ്രഹിക്കാതെ വന്നുചേർന്നതും, പ്രതിരോധിക്കേണ്ടിവന്നതുമായ വ്യവഹാരങ്ങളിലും ഇദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ പ്രശംസാർഹമായിരുന്നു.



സേവനങ്ങൾക്കെല്ലാം സെ.മേരീസ് കത്തീഡ്രൽ ഇടവകയുടെ നിസ്സീമമായ നന്ദി രേഖപ്പെടുത്തുന്നു. ഇടവകയുടെ പ്രാർത്ഥനകളും അനുഗ്രഹാശംസകളും നേരുന്നു.

## മനു സക്കറിയയ്ക്ക് എം വി പി അവാർഡ്

മൈക്രോസോഫ്റ്റ് ഏറ്റവും മികച്ച പ്രഫഷണലുകൾക്കായി ഏർപ്പെടുത്തിയ എം വി പി അവാർഡ് ഐടി സെക്യൂരിറ്റി വിദഗ്ദ്ധൻ മനു സക്കറിയയ്ക്ക്. സ്ഥാപനങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി നൽകിയ സേവനങ്ങൾക്കാണ് അവാർഡ്. പുരസ്കാരം ലഭിക്കുന്ന ആദ്യ ഇന്ത്യക്കാരൻ കൂടിയാണ്. കൊച്ചി സിറ്റി പൊലീസിന്റെ പ്രിൻസിപ്പൽ സൈബർ കൺസൾറ്റന്റു കൂടിയായ മനു, സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ തെളിയിക്കുന്ന കേസുകളുടെ അന്വേഷണത്തിൽ മുഖ്യപങ്കു വഹിച്ചിട്ടുണ്ട്. കത്തീഡ്രൽ ഇടവകാംഗം എം. എസ്. സക്കറിയയുടെ മകനാണ്.



# Remembering Joseph Achan

## (Pachomios Thirumeni)

It all happened in late 60's on a Sunday when Joseph Achan & Paul Varghese Achan were managing the First & Second services. First service led by Joseph Achan was just over and the second service was about to start. Joseph Achan in his black robe came to the prayer table and was deep in his prayers while Paul Varghese Achan was in his last lap of preparations for starting the Holy Qurbana inside the madbaha (Chancel). Then suddenly, a stranger entered through the front door, kneeled down and weeping before the 'Thronose' on the left side. The weeping sound made by him reverberated through the entire church. Small kids standing in the front raw got frightend and looked around. But the stranger continued his show unabated. By this time Joseph Achan abruptly stopped his prayers and signalled the man to go out. But he never heeded to Achan's actions. Instead he chanted something and started crying louder.

By this time senior members who were present inside the church got offended and moved towards the intruder to handle him physically. But, Joseph Achan blocked their action and approached the crying man in extreme patience with a divine face gleaming in the mourning light. Later he comforted the apparently disturbed man by holding his hand. The stranger looked at the eyes of Achan and stopped crying. Further, Achan enquired about his problem for which the man responded by saying something in a very low voice. Achan gave his blessings and led the man outside the church very meekly with a magical charisma. Later, the second service began at the scheduled time by Paul Varghese Achan (Mar Gregoriose Thirumeni in later years)

**Petson Peter C**

## വികാരിയുടെ കത്ത്



# രക്ഷാചരിത്രം കുടുംബത്തിലൂടെ

(ഫാദർ പി. ഐ. വർഗീസ്, അസി. വികാരി)

കുടുംബങ്ങൾക്ക് രക്ഷാചരിത്രത്തിലുള്ള പങ്കാളിത്തം അനിർവചനീയമാണ്. ക്രിസ്തുവിന്റെ നിസ്തുലസാന്നിദ്ധ്യമുള്ള ഭവനങ്ങൾക്ക് മാത്രമാണ് മേൽപ്പറഞ്ഞ പ്രസ്താവന അനുയോജ്യം. മനുഷ്യന്റെ ഉയർച്ചയും താഴ്ചയും കുടുംബത്തെ ആശ്രയിച്ചിരിക്കുന്നു. അതിനാൽ കുടുംബം എന്നും പഠനത്തിന്റെയും നവീകരണത്തിന്റെയും വിഷയവും വേദിയുമാകേണ്ടതാണ്. കുടുംബത്തെപ്പറ്റി പല ശാസ്ത്രശാഖകളും പഠിക്കുന്നുണ്ട്. മനഃശാസ്ത്രം, നരവംശശാസ്ത്രം, സാമൂഹികശാസ്ത്രം പോലുള്ളവ കുടുംബത്തെ രൂപീകരിക്കാനും, പോഷിപ്പിക്കാനും ഉതകുന്നവയാണ്. ഇങ്ങനെയുള്ള തത്വങ്ങളെക്കുറിച്ച് പ്രതിപാദിക്കുന്നതിനേക്കാൾ ക്രിസ്തീയരക്ഷാപ്രക്രിയകളോട് കുടുംബം പുലർത്തുന്ന അഭേദ്യതയാണ് നമ്മുടെ മുഖ്യചിന്താധാര.

ലോകത്തെ ആകമാനം സ്വാധീനിക്കുന്ന രക്ഷാചരിത്രത്തിന്റെ ആരംഭവും മുന്നേറ്റവും ഓരോ കുടുംബത്തിലൂടെയായിരുന്നു. തിരുവചനത്തിൽ രക്ഷാചരിത്രം തുടങ്ങുന്ന ആദ്യത്തെ കുടുംബം ആദമിന്റെയും ഹവ്വയുടെതുമാണ്. അത് മഹത്വപൂർണ്ണവുമായിരുന്നു. പക്ഷേ ചെന്നെത്തിയത് അവതാളത്തിലേക്കും വീഴ്ചകളിലേക്കും ആയിരുന്നു എന്നത് സവിസ്തരം ആദ്യപുസ്തകം വരച്ചുകാട്ടുന്നു. പ്രലോഭനത്തിൽ സ്ത്രീ വീണു. പുരുഷനെ വീഴ്ത്തുകയും ചെയ്തു. എന്നാൽ ശാപമോക്ഷത്തിന്റെ വാഗ്ദാനവും ആദ്യകുടുംബത്തിനു തന്നെയാണ് ലഭിക്കുന്നത്. നീയും സ്ത്രീയും തമ്മിലും നിന്റെ സന്തതിയും അവന്റെ സന്തതിയും തമ്മിലും ഞാൻ ശത്രുതയുളവാക്കും. അവൻ നിന്റെ തല തകർക്കും. നീ അവന്റെ കുതികാൽ തകർക്കും (ഉല്പത്തി 3:15) എന്നതാണ് ആ വാഗ്ദാനമൊഴികൾ

ക്രിസ്തുവിലൂടെ നിറവേറാനിരുന്ന രക്ഷാചരിത്രത്തിന്റെ മുന്നോടിയായിട്ടാണ് ഈ വാഗ്ദാനം. ഈ പശ്ചാത്തലത്തിലാണ് ആദ്യ മാതാപിതാക്കൾ കുടുംബത്തെ നയിച്ചത്. സന്താന പരമ്പരയിലൂടെ കുടുംബം വളർന്ന് തറവാടായി. ഒപ്പം തിന്മയും. തിന്മയുടെ പെരുപ്പത്തിലും ദൈവത്തിന്റെ അരുളപ്പാട് നോഹയ്ക്ക് ലഭിക്കുന്നു. ഉല്പത്തി 6:18:19 അതിലൂടെ ദൈവം മനുഷ്യമോചനവും വീണ്ടെടുപ്പും നടത്തുന്ന കുടുംബം നോഹയുടേതാണ്.

അടുത്തതായി രക്ഷാചരിത്രത്തിൽ കാണുന്ന ശ്രദ്ധേയമായ കുടുംബം അബ്രഹാമിന്റേതാണ്. ദൈവം അവനെ വിളിച്ചു. സന്താനസൗഭാഗ്യം നൽകി. വാർദ്ധക്യത്തിൽ നടന്ന ഈ അത്ഭുതസംഗതിയോടുകൂടെ വലിയൊരു വാഗ്ദത്തവും അബ്രഹാമിന് ലഭിച്ചു (ഉല്പത്തി 15:5.6) അബ്രഹാമിനു ശേഷം ഇസഹാക്കും, തുടർന്ന് യാക്കോബും രക്ഷാചരിത്രത്തെ പുതിയൊരു മേഖലയിലേക്ക് പ്രവേശിപ്പിക്കുകയാണ്.

യാക്കോബ് തന്റെ മക്കളോടുകൂടെ മിസ്രയീമിൽ കുടിയേറിപ്പാർത്തുവെങ്കിലും ജീവിതം ക്രമേണ ദുഷ്ക്കരമായിത്തീരുകയാണ്. മോശയിലൂടെയാണ് ഇവിടെ നിന്നുള്ള മോചനം എങ്കിലും ഈ അതുല്യ നേതാവിന്റെ രൂപീകരണത്തിന് ദൈവം ഒരുക്കുന്ന അനുകൂല സാഹചര്യങ്ങൾ വിസ്മയാവഹം തന്നെ. (പുറപ്പാട് 2:1-10) മിസ്രയീമിൽ നിന്നുള്ള വീണ്ടെടുപ്പിനുശേഷം രക്ഷാചരിത്രമുന്നേറ്റം ദൈവജനത്തിന്റെ ഒന്നാകെയുള്ള ആത്മീയരൂപീകരണത്തിലൂടെ കടന്നുപോകുന്നത് നമുക്ക് വ്യക്തമായി കാണാം.

പുതിയ നിയമത്തിലേക്ക് വരുമ്പോൾ വീണ്ടും കുടുംബങ്ങളുടെ പങ്കാളിത്തം വളരെ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. മാതൃകാ കുടുംബത്തിലെ സഖറിയ ഏലീശുബ ദമ്പതികൾക്ക് ജനിക്കുന്ന യോഹന്നാൻ സ്നാപകൻ ഉൾപ്പെടുന്ന കുടുംബം രക്ഷാചരിത്രത്തിലെ അതിശ്രേഷ്ഠമായ കണ്ണിയാണ്. കാരണം യേശുതമ്പുരാന്റെ മുന്നോടിയായി വന്ന ഈ ധീരയോദ്ധാവിന്റെ കുടുംബത്തിൽ നിന്നും വിശേഷോത്തര തിരുകുടുംബത്തിലേക്കാണ് നാം എത്തിച്ചേരുന്നത്. യേശു തമ്പുരാനും യൗസേഫും മറിയാമും ചേർന്ന വിശുദ്ധ കുടുംബം രക്ഷാചരിത്ര ശ്രേണിയിലെ ഉത്തുംഗ സ്ഥാനത്ത് നാം കാണുന്നു. മാതാപിതാക്കൾക്ക് കീഴടങ്ങി ജീവിച്ച യേശുവിന്റെ വളർച്ചയെ സുവിശേഷകൻ രേഖപ്പെടുത്തുന്നത് ഇപ്രകാരമാണ്. യേശുവോ ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തിന്റെയും മനുഷ്യരുടെയും കൃപയിലും മുതിർന്നു വന്നു.

കുടുംബത്തിലൂടെ നമ്മുടെ ഇടയിലേക്ക് കടന്നുവന്ന യേശു പലകുടുംബങ്ങളും സന്ദർശിച്ച് അവർക്ക് രക്ഷയുടെ ആനന്ദം പകർന്നുകൊടുത്തു. കൂടാതെ കുടുംബങ്ങൾക്ക് സമാധാനം പകരുവാൻ യോഗ്യതയുള്ള ഏതെങ്കിലുമൊരു കുടുംബത്തിൽ താമസിച്ച് വേലചെയ്യുവാൻ ശിഷ്യന്മാർക്ക് നിർദ്ദേശവും നൽകി. (മത്തായി 10:11, 12)

അപ്പോസ്തോല പ്രവൃത്തികളിൽ നാം വായിക്കുന്നുണ്ട്. ആദിമസഭയിൽ ജനം ഭവനങ്ങളിൽ ഒരുമിച്ച് ചേരുകയും പ്രാർത്ഥിക്കുകയും, അപ്പം മുറിക്കുകയും കൂട്ടായ്മ ആചരിക്കുകയും ചെയ്തുപോന്നു എന്ന്. രക്ഷയുടെ അനുഭവത്തിൽ വളർന്നുവന്നിരുന്ന ക്രൈസ്തവരുടെ ആദ്യരൂപമായിരുന്നു അത്.

കുടുംബങ്ങളുടെ സമുച്ചയമാണ് സഭ എങ്കിൽ രക്ഷാചരിത്രം പ്രവർത്തനക്ഷമമായിക്കൊണ്ടിരിക്കുന്നത് പരിശുദ്ധ സഭയിലൂടെയാണ് എന്ന് നമുക്ക് വിശ്വസിക്കാം. കുടുംബം ഒരു ഗാർഹിക സഭ എന്ന വീക്ഷണത്തിൽ എല്ലാ കുടുംബങ്ങളും രക്ഷ എന്ന ദൈവീകദാനം അനുഭവവേദ്യമാക്കുവാൻ അക്ഷീണം യത്നിക്കേണ്ടതാണ്. അങ്ങനെ കുടുംബത്തിലെ നിസ്തുലമായ ദൈവസാന്നിദ്ധ്യം വഴി രക്ഷയുടെ പാതയിൽ മുന്നേറുവാൻ എല്ലാ കുടുംബങ്ങൾക്കും കഴിയട്ടെ.

# ദൈവം വഴികാണിച്ചു തരും

ജോർജ്ജ് നിക്സൺ താച്ചയിൽ

ജീവിതം ക്ലേശരഹിതമായിരിക്കണമെന്നും കുറഞ്ഞ അദ്ധ്വാനം കൊണ്ടു കൂടുതൽ ജീവിതസുഖം ലഭിക്കണമെന്നുമാണ് പലരും ആഗ്രഹിക്കുന്നത്. എന്നാൽ നമ്മുടെ ജീവിതം പനിനീർപ്പൂക്കൾ വിരിച്ചതല്ല. നമുക്ക് ഓടുവാനുള്ള ഓട്ടക്കളം പരവതാനി വിരിച്ചതുമായിരിക്കയില്ല. ക്ലേശരിഹതവും പ്രയത്നരഹിതവുമായ ജീവിതം ദൈവം നമുക്കു വാഗ്ദാനം ചെയ്തിട്ടില്ല. നമുക്ക് കടന്നുപോകുവാനുള്ള പാത എത്രതന്നെ പരുപരുത്തതും ദുർഘടപൂർണ്ണവുമാണെങ്കിലും ദൈവം നമ്മോടുകൂടെ ഉണ്ടായിരിക്കുമെന്നു വാഗ്ദാനം ചെയ്തിട്ടുണ്ട്. നമുക്ക് നേടുവാനുള്ള പ്രശ്നങ്ങളോ ക്ലേശകരമായ ജീവിത സാഹചര്യങ്ങളോ എത്രതന്നെ സങ്കീർണ്ണമായാലും ദൈവം നമ്മുടെ കൂടെയുണ്ടായിരിക്കും. ഏതു കുന്നും, മലയും നമ്മോടൊപ്പം കയറുകയും നമുക്ക് പോകുവാനുള്ള വഴി അവിടുന്നു കാട്ടിത്തരുകയും ചെയ്യുന്നു.

നീ പോകേണ്ടവഴി ഞാൻ നിനക്കു കാണിച്ചു തരാം എന്നു ദൈവം വാഗ്ദാനം ചെയ്തിട്ടുണ്ട്. പോകേണ്ടവഴി അറിയാതെ, കടന്നുപോകേണ്ട വാതിൽ കാണാതെ കുഴങ്ങുന്ന മനുഷ്യനോടാണ് ദൈവം ഇപ്രകാരം അരുൾചെയ്യുന്നത്. കടന്നുപോകേണ്ടവാതിൽ മാത്രമേ തുറന്നു കിട്ടുകയുള്ളൂ. അക്ഷമരായി വാതിൽ തള്ളിത്തുറക്കുവാൻ ശ്രമിക്കേണ്ടതില്ല. നീ പോകേണ്ട വഴി ഞാൻ നിനക്കു കാണിച്ചു തരും! എന്ന ദൈവത്തിന്റെ വാഗ്ദാനത്തിൽ വിശ്വസിക്കുക. അനുഗ്രഹം പ്രാപിക്കുക. ■

# 'MGOCSM Week' *Inauguration*

വിദ്യാർത്ഥിപ്രസ്ഥാനം എറണാകുളം മേഖല ഏകദിന സെമിനാറും 'MGOCSM Week' ഉദ്ഘാടനവും 24-ാം തീയതി ശനിയാഴ്ച കത്തീഡ്രലിൽ നടന്നു. 'Towards the living stream'... എന്ന വിഷയത്തിൽ, ജനറൽ സെക്രട്ടറി ബഹു. ഡോ. വി. എം. എബ്രഹാം അച്ചൻ ക്ലാസെടുത്തു. ഗ്രൂപ്പ് ചർച്ചകളും, വിദ്യാർത്ഥികൾ നയിച്ച ക്വയറിന്റെ ഗാനാലാപനവും ശ്രദ്ധേയമായിരുന്നു. ഇടവകാംഗവും ഹൈക്കോടതി ജഡ്ജിയുമായ ജസ്റ്റിസ് സുരേന്ദ്രമോഹൻ അദ്ധ്യക്ഷനായിരുന്ന സമ്മേളനത്തിൽ, അഭി. ഡോ. യാക്കൂബ് മാർ ഐറേനിയോസ് തിരുമേനി മുഖ്യപ്രഭാഷണം നടത്തി, 'MGOCSM Week' ഉദ്ഘാടനം ചെയ്തു. പ്രസ്ഥാനം കേന്ദ്രതല പ്രവർത്തകരും, ഇടവകയിലെ വൈദികരും, മാനേജിങ് കമ്മറ്റി അംഗങ്ങളും, പ്രസ്ഥാനം യൂണിറ്റംഗങ്ങളും നേതൃത്വം നൽകി. ■









കത്തീഡ്രൽ ഇടവകയുടെ 2009 ലെ ആദ്യഫലപ്പെരുന്നാളും, വില്പന മേളയും ഒക്ടോബർ 11 ഞായറാഴ്ച അനുഗ്രഹകരമായും ആഘോഷമായും നടന്നു. വി. കുർബ്ബാനയോടെ ആരംഭിച്ച വാർഷിക സെയിൽ ദിനം, അഭ്യുദയകാംക്ഷികളുടെയും, വിശ്വാസികളുടെയും, ഇടവകയിലെ പട്ടക്കാരുടെയും, മാനേജിങ് കമ്മറ്റി അംഗങ്ങളുടെയും, ആദ്ധ്യാത്മിക സംഘടനാ പ്രവർത്തകരുടെയും, സമീപ ഇടവകകളിലെ പട്ടക്കാരുടെയും സാന്നിദ്ധ്യത്തിൽ മിഴിവുറ്റതായിരുന്നു. മുൻ ട്രസ്റ്റി ശ്രീ. തോമസ് പോൾ ജനറൽ കൺവീനറായിരുന്ന സെയിലിൽ, എറണാകുളത്തെ വ്യാപാരിസമൂഹത്തിന്റെ പ്രത്യേകിച്ച് കുന്ദംകുളംകാരായ വ്യാപാരികളുടെ സഹകരണം എടുത്തു പറയത്തക്കതാണ്. വനിതാസമാജത്തിന്റെ നേതൃത്വത്തിൽ തയ്യാറാക്കിയ രുചികരമായ വിഭവങ്ങളും, വിദ്യാർത്ഥിപ്രസ്ഥാനത്തിന്റേതായി കുട്ടികൾക്കുള്ള വിനോദോപാധികളും വാശിയേറിയ ലേലവും സെയിൽദിനത്തിന് കൊഴുപ്പേകി. സെയിൽ വൻവിജയമാക്കുവാൻ ഏതെങ്കിലും വിധത്തിൽ സഹകരിച്ച എല്ലാവർക്കും ഇടവകയുടെ നന്ദി.





















## കുടുംബ വിശേഷങ്ങൾ



ഭദ്രാസനതലത്തിൽ നടന്ന സഹപാഠ്യമത്സരത്തിൽ അഭിമാനകരമായ വിജയം കൈവരിച്ച കത്തീഡ്രൽ, ദീപം സണ്ടേസ്കൂൾ കുട്ടികളായ ഏബൽ വർഗ്ഗീസ് ഷിബു, ക്രിസ്റ്റീന മറിയം ചാക്കോ, ഫേബ റീന ജോർജ്ജ്, മിഥുൻ റോമിയോ എന്നിവർ ഷീൽഡുകളും ട്രോഫികളുമായി അദ്ധ്യാപകരോടൊപ്പം.



ജനറൽ ആശുപത്രി കാൻസർ വാർഡിലേക്കു നൽകുന്ന മരുന്നുകളുടെ ഒക്ടോബർ മാസത്തെ വിതരണം, സണ്ടേസ്കൂൾ ഡയറക്ടർ ശ്രീ. കെ.വി. കുര്യാക്കോസ്, അസി. വികാരി ഫാ. പി. ഐ. വർഗീസ് സണ്ടേസ്കൂൾ ഹെഡ്മിസ്ട്രസ് മിസ്സിസ്. അമ്മിണി മാത്യു എന്നിവർ ചേർന്ന് നിർവ്വഹിച്ചു. കാൻസർ വാർഡിലെ ഡോ. റോസി മരുന്ന് ഏറ്റുവാങ്ങി. സണ്ടേസ്കൂളിന്റെ ആഭിമുഖ്യത്തിലാണ് മരുന്നു വിതരണത്തിന്റെ ക്രമീകരണങ്ങൾ നടത്തിയത്. സണ്ടേസ്കൂൾ ടീച്ചേഴ്സും, വിദ്യാർത്ഥികളും മാനേജിങ് കമ്മിറ്റി അംഗങ്ങളും സന്നിഹിതരായിരുന്നു.

## വിശേഷദിവസങ്ങൾ

### നവംബർ

**01 ഞായർ** - കൂദോശ് ഈത്തോ ഞായറാഴ്ച. ഇളംകുളം ചാപ്പലിൽ പ.പരുമല തിരുമേനിയുടെ ഓർമ്മ പെരുന്നാൾ

**08 ഞായർ** - ഹൂദോസ് ഈത്തോ ഞായർ. മോറാൻ മാർ ബസ്സേലിയോസ് മാർത്തോമാ മാത്യൂസ് പ്രഥമൻ ബാവായുടെ ഓർമ്മ (ദേവലോകം)

**15 ഞായർ** - സ്ക്കറിയായോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച

**22 ഞായർ** - ദൈവമാതാവിനോടുള്ള അറിയിപ്പിന്റെ ഞായറാഴ്ച

**24 ചൊവ്വ** - പഴയ സെമിനാരി സ്ഥാപകൻ പുലിക്കോട്ടിൽ മാർ ദിവന്യാസ്യോസ് മെത്രാപ്പോലീത്തായുടെയും, ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും ഓർമ്മ

**29 ഞായർ** - ഏലിശബേത്തിന്റെ അടുക്കലേക്കുള്ള മറിയാമിന്റെ യാത്രയുടെ ഞായറാഴ്ച

### ഡിസംബർ

**1 ചൊവ്വ** - ഇരുപത്തഞ്ച് നോമ്പാരംഭം

**6 ഞായർ** - യൂഹാന്നോൻ മംദാനയുടെ ജനനത്തിന്റെ ഞായറാഴ്ച

## മാമോദീസ

1) കലൂർ കുന്നേൽ ശ്രീ കുഞ്ഞുമോൻ വറുഗീസിന്റെയും ശ്രീമതി ലിറ്റിൽഫ്ളവറിന്റെയും മകൻ വറുഗീസ് 3-10-2009-ൽ മാമോദീസാ സ്വീകരിച്ചു.

2) വെണ്ണല പാറേട്ട് ശ്രീ. ജോർജ്ജ് ഫിലിപ്പിന്റെയും ശ്രീമതി സുഷമ ജോസിന്റെയും മകൾ എലിസബത്ത് 10-10-2009-ൽ മാമോദീസാ സ്വീകരിച്ചു.

*ഈ പൈതങ്ങൾക്ക് ദൈവകൃപ ആശംസിക്കുന്നു!*

## വിവാഹം

1) കലൂർ ജഡ്ജസ് അവന്യൂ ചീരൻസിൽ ശ്രീ. മോഹൻ ജോസഫ് ചീരന്റെയും, ശ്രീമതി ഏലിസബത്ത് മോഹന്റെയും മകൻ ശ്രീ. സുമിത് മോഹൻ ചീരനും, മൂവാറ്റുപുഴ നെല്ലിക്കൽ ശ്രീ. രാജു പൗലോസിന്റെയും ശ്രീമതി ബീനാ രാജുവിന്റെയും മകൾ ആൻ രാജുവും തമ്മിലുള്ള വിവാഹം 4-10-2009 ൽ H.B. പൗലോസ് മാർ മിലിത്തിയോസ് തിരുമേനി കത്തീഡ്രലിൽ വച്ച് ആശീർവദിച്ചു.

2) കലൂർ കോലത്തുപറമ്പിൽ ശ്രീ. വറുഗീസ് ഏബ്രഹാമിന്റെയും, ശ്രീമതി സാറാ വറുഗീസിന്റെയും മകൾ മറിയം വറുഗീസും പാലക്കാട് കാടാപുരം വീട്ടിൽ ഡോ. രാജൻ കെ. ജോർജ്ജിന്റെയും ശ്രീമതി സൂസൻ രാജന്റെയും മകൻ ശ്രീ. പ്രവീൺ ജോർജ്ജും തമ്മിലുള്ള വിവാഹം 25-10-2009-ൽ കത്തീഡ്രലിൽ ആശീർവദിച്ചു.

3) അയ്യപ്പൻകാവ് പാറപ്പുഴയിൽ ശ്രീ പി.ജെ. സണ്ണിയുടെയും ശ്രീമതി ആശാ സണ്ണിയുടെയും മകൾ സൗമ്യയും കീഴില്ലം മേലുവെള്ളേൽ ശ്രീ. വി.എം. തോമസ്സിന്റെയും ശ്രീമതി ചിന്നമ്മയുടെയും മകൻ ശ്രീ. യൽദോയും തമ്മിലുള്ള വിവാഹം 25-10-2009 ൽ കീഴില്ലം സെന്റ് തോമസ്സ് പള്ളിയിൽ ആശീർവദിച്ചു.

*വധൂവരന്മാർക്ക് മംഗളാശംസകൾ!*

## നിര്യാതരായി



പെരുമാനൂർ തൊടിയിൽ വീട്ടിൽ ശ്രീമതി മേരി സുശീല ലോറൻസ് (68) 6-10-2009 ൽ നിര്യാതയായി. 8-10-2009 ൽ എളംകുളം ചാപ്പൽ സെമിത്തേരിയിൽ അടക്കം ചെയ്തു.



കലൂർ കോലാടി വീട്ടിൽ ശ്രീ. തോമസ് വറുഗീസ് (64) 7-10-2009 ൽ നിര്യാതയായി. 8-10-2009 ൽ ചിറ്റൂർ റോഡ് ചാപ്പൽ സെമിത്തേരിയിൽ അടക്കം ചെയ്തു.



കലൂർ എൽ. എഫ്. സി. റോഡ്, ലിബർട്ടി ഹൗസിൽ ശ്രീ. റ്റി. എം. ജോബ് 19-10-2009 ൽ നിര്യാതനായി. 21-10-2009 ൽ എളംകുളം ചാപ്പൽ സെമിത്തേരിയിൽ അടക്കം ചെയ്തു.



വെണ്ണല വലിയപറമ്പിൽ ശ്രീമതി മേരി വിക്ടർ (73) 28-10-2009 ൽ നിര്യാതയായി. ചിറ്റൂർ റോഡ് ചാപ്പൽ സെമിത്തേരിയിൽ അടക്കം ചെയ്തു.

*പ്രത്യേക ആദരാഞ്ജലികൾ*

*Sponsored by a Well Wisher*

Editorial Board: P.T. John(98951 43625), K.K. George (94470 40484),
Mammen Abraham (94473 68886) & Suma Mathew (98460 25711) Design: Cornet, Cochin
**Edited & Published by:** K.K. George for **St. Mary's Orthodox Cathedral, Ernakulam. Phone : 0484-2352490, 2365827**
***Website: www.stmarysorthodoxcathedralekm.org Email: georgekaithayil@yahoo.com***

***For Private Circulation only***